## പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 1865 04.10.2011 -ൽ മറുപടിയ്ക്ക്

### ഇ.എഫ്.എൽ. നിയമപ്രകാരം ഏറ്റെടുത്ത കൃഷിഭൂമി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. മമ്മൂട്ടി | ശ്രീ. കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) |
| എ) ഇ.എഫ്.എൽ. നിയമപ്രകാരം സർക്കാർ ഏറ്റെടുത്ത കൃഷിഭൂമി ഉടമകളായ കർഷകർക്ക് തിരികെ നൽകാൻ ഉദ്ദേശമുണ്ടോ; | എ) ഇ.എഫ്.എൽ. നിയമം നടപ്പാക്കുമ്പോൾ അതിൽ കൃഷിഭൂമി ഏതെങ്കിലും പെട്ടുപോയിട്ടുണ്ടെങ്കിൽ അത് പരിഹരിച്ച് കൃഷിഭൂമി തിരികെ നൽകാൻ നിയമത്തിൽതന്നെ 10, 10(എ), 19 എന്നീ വകുപ്പുകളിൽ വ്യവസ്ഥകളുണ്ട്. ഇ.എഫ്. എൽ. നിയമം നടപ്പാക്കിയതുമൂലം ചെറുകിട കർഷകർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് 2009 ആഗസ്റ്റ് 20-ാം തീയതി പ്രസ്തുത നിയമം ഭേദഗതി ചെയ്തിട്ടുണ്ട്. ഭേദഗതി നിയമത്തിന്റെ വകുപ്പ് 10 (എ) പ്രകാരം 02.06.2000-ൽ 2 ഹെക്ടറിൽ കൂടുതലല്ലാത്ത വിസ്തൃതി ഉള്ളതും 3-ാം വകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ടതുമായ ഭൂപ്രദേശത്തിന്റെ ഏതൊരു ഉടമയ്ക്കും അതു സംബന്ധിച്ച് തർക്കമുണ്ടെങ്കിൽ തീർപ്പിനായി പ്രധാന മുഖ്യ വനപാലകൻ മുമ്പാകെ നിയമം ഭേദഗതി ചെയ്ത തീയതിയായ 20.08.2009 മുതൽ ആറു മാസത്തിനകമോ പുതിയ വിജ്ഞാപനം വല്ലതും പുറപ്പെടുവിക്കുകയാണെങ്കിൽ ആ വിജ്ഞാപന തീയതി മുതൽ ആറു മാസത്തിനകമോ അപേക്ഷ സമർപ്പിക്കാം. അങ്ങനെ ലഭിക്കുന്ന അപേക്ഷ എത്രയും |

| | | | |
|---|---|---|---|
| | | | വേഗത്തിൽ സുതാര്യമായ രീതിയിൽ പരിശോധിച്ച് തീരുമാനമെടുക്കുന്നതിന് ഒരു പ്രത്യേക കമ്മിറ്റിയെ നിയോഗിക്കുന്നത് ഉൾപ്പെടെയുള്ള നിയമഭേദഗതിയാണ് വകുപ്പ് 10 (എ) പ്രകാരം പ്രാബല്യത്തിൽ വന്നിട്ടുള്ളത്. |
| ബി) | ഇ.എഫ്.എൽ നിയമം ലംഘിച്ച് കർഷകരിൽനിന്ന് ഏറ്റെടുത്ത കൃഷിഭൂമി, വനഭൂമി ഏറ്റെടുക്കൽ നിയമത്തിലെ വ്യവസ്ഥകൾ പാലിക്കാതെ ഏറ്റെടുത്ത കൃഷിഭൂമി എന്നിവ തിരികെ നൽകാൻ ഉദ്ദേശമുണ്ടോ; എങ്കിൽ അത് എന്ന് നൽകാൻ കഴിയും; അതിന് എന്തെങ്കിലും നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; | ബി) | ഇ.എഫ്.എൽ നിയമം ലംഘിച്ച് ഭൂമിയൊന്നും തന്നെ കർഷകരിൽനിന്ന് ഏറ്റെടുത്തിട്ടില്ല. കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) നിയമത്തിന്റെ 2 (ബി) (i), 2 (സി) എന്നീ വകുപ്പുകളിൽ പ്രതിപാദിച്ചിരിക്കുന്ന തരത്തിലുള്ള ഭൂമിയാണ് പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശമായി വിജ്ഞാപനം ചെയ്യുന്നത്. എന്തെങ്കിലും കാരണവശാൽ കൃഷിഭൂമി പ്രസ്തുത നിയമപ്രകാരം വിജ്ഞാപനം ചെയ്തുപോയിട്ടുണ്ടെങ്കിൽ അയത് പരിഹരിക്കാൻ നിയമത്തിന്റെ 10, 10(എ), 19 എന്നീ വകുപ്പുകളിൽ വ്യവസ്ഥയുണ്ട്. |
| സി) | പ്രസ്തുത നിയമപ്രകാരം എത്ര പേരുടെ എത്ര ഹെക്ടർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്; അതിൽ കൃഷി ഭൂമി, വനം വനേതരഭൂമി എന്നിവ യുടെ വിസ്ത്രൃതി എത്ര; അവ യിൽ ഉടമസ്ഥർക്ക് ഭൂമി തിരികെ നൽകിയിട്ടുണ്ടോ; എങ്കിൽ ഏത് ഇനം, എത്ര അളവിൽ, ആർക്കെല്ലാം എന്ന് വ്യക്തമാക്കുമോ; | സി) | ഇ.എഫ്.എൽ നിയമത്തിന്റെ വകുപ്പ് 3 (1) പ്രകാരം നാളിതുവരെയായി 1047 ബിറ്റുകളിലായി 14049.40990 ഹെക്ടർ ഭൂമി പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശമായി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇ.എഫ്.എൽ നിയമത്തിന്റെ വകുപ്പ് 19 (3) (ബി) പ്രകാരം (ഓർഡിനൻസ് പ്രകാരം) പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനങ്ങൾ പുന;പരിശോധിക്കാൻ കസ്റ്റോഡിയന് അധികാരമുണ്ട്. ഇപ്രകാരം ലഭിച്ച അപേക്ഷകൾ നിയുക്ത കമ്മിറ്റിയെക്കൊണ്ട് പരിശോധിപ്പിച്ച് റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഇ.എഫ്.എൽ |

കസ്റ്റോഡിയൻ തീരുമാനം പുറപ്പെടുവിച്ചുവരുന്നുണ്ട്. ഇപ്രകാരം ലഭിച്ച അപേക്ഷകൾ പരിശോധിച്ച് 249.8777 ഹെക്ടർ ഭൂമി ഇ.എഫ്.എൽ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലായെന്നുകണ്ട് വിജ്ഞാപനത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. (പട്ടിക അനുബന്ധമായി ചേർക്കുന്നു)

ഡി) എത്ര ഏക്കർ വരെയുള്ള ഭൂമി യാണ് തിരികെ നൽകാൻ നിശ്ച യിച്ചിട്ടുള്ളത്; വ്യവസ്ഥ ലംഘിച്ച് ഏറ്റെടുത്ത കൃഷിഭൂമി തിരികെ നൽകാൻ നടപടി സ്വീകരി ക്കുമോ;

ഡി) മുകളിൽ സി ചോദ്യത്തിനുള്ള ഉത്തരം കൂടാതെ ഭേദഗതി നിയമത്തിന്റെ വകുപ്പ് 10 (എ) പ്രകാരം 02.06.2000-ൽ 2 ഹെക്ടറിൽ കൂടുതൽ അല്ലാത്ത വിസ്തൃതിയുള്ള ഭൂമിയുടെ ഉടമസ്ഥർക്ക് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കസർവേറ്റർക്ക് അപേക്ഷ സമർപ്പിക്കുവാൻ അർഹതയുണ്ട്. ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾ വകുപ്പിന്റെ 10 (ബി) പ്രകാരമുള്ള കമ്മിറ്റി സ്ഥലപരിശോധന നടത്തി സർക്കാരിലേയ്ക്ക് നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ എടുക്കുന്ന അന്തിമ തീരുമാനത്തിന് അനുസൃതമായിട്ടായിരിക്കും എത്ര ഹെക്ടർ സ്ഥലം കർഷകർക്ക് തിരികെ ലഭിക്കുവാൻ അർഹതയുണ്ടെന്നു നിർണ്ണയിക്കപ്പെടുന്നത്.

ഇ) ഏറ്റെടുക്കാൻ പാടില്ല എന്ന് വ്യ വസ്ഥ ചെയ്യപ്പെട്ടിട്ടുള്ള നികുതി അടച്ച് പരിപാലിച്ച്, കൃഷിചെയ്ത് വന്നിരുന്ന ഭൂമി നിയമവിരുദ്ധ മായി ഇ.എഫ്.എൽ. ഭൂമി എന്ന് രേഖപ്പെടുത്തി കഴിഞ്ഞ സർക്കാർ പിടിച്ചെടുത്തിട്ടുണ്ടെ ങ്കിൽ അത് തിരികെ നൽകാൻ ഉദ്ദേശമുണ്ടോ; എങ്കിൽ എപ്പോൾ നൽകും ;ഇല്ലെങ്കിൽ നൽകാൻ നടപടി സ്വീകരിക്കുമോ;

ഇ) ഈ നിയമപ്രകാരം കൃഷിഭൂമി ഒന്നും പിടിച്ചെടുക്കാൻ സർക്കാരിന് അധികാരമില്ല. എന്തെങ്കിലും കാരണവശാൽ കൃഷിഭൂമി വിജ്ഞാപനത്തിൽ പെട്ടുപോയിട്ടുണ്ടെങ്കിൽ അത് തിരുത്താൻ പ്രസ്തുത നിയമത്തിന്റെ 10, 10(എ), 19 എന്നീ വകുപ്പുകളിൽ വ്യവസ്ഥകളുണ്ട്.

| | | | |
|---|---|---|---|
| എ ഫ്) | പ്രസ്തുത നിയമപ്രകാരം ഏറ്റെടുത്ത ഭൂമി സംബന്ധിച്ച് എത്രകേസുകൾ നിലവിലുണ്ട്; അത്തരം കേസുകളിൽ നിയമവി രുദ്ധമായി പിടിച്ചെടുത്ത ഭൂമി സംബന്ധിച്ച കേസുകളിന്മേൽ ഈ സർക്കാരിന്റെ സമീപനമെ ന്താണ്; ഇത്തരം കേസുകളിൽ കർഷകർക്ക് അനുകൂലമായ നില പാട് സ്വീകരിക്കുവാൻ ഉദ്ദേശ്യ മുണ്ടോ? | എ ഫ്) | ബഹു.ഹൈക്കോടതിയിൽ 155 കേസുകളും 4 ഇ.എഫ് എൽ ട്രിബ്യൂണലുകളിലായി 139 കേസുകളും നിലവിലുണ്ട്. നിയമവിരുദ്ധമായി ഭൂമിയൊന്നും തന്നെ സർക്കാർ പിടിച്ചെടുത്തിട്ടില്ല. ആക്ടിന്റെ വകുപ്പ് 2 (ബി) -യിൽ പരിസ്ഥിതി ദുർബല പ്രദേശം എന്താണെന്ന് നിർവചിച്ചു വ്യക്തമാക്കിയിട്ടുണ്ട്. വകുപ്പ് 3 അനുസരിച്ച് പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങൾ 02.06.2000 മുതൽ സർക്കാരിൽ നിക്ഷിപ്തമാകും; ഇത്തരം പ്രദേശങ്ങൾക്ക് റിസർവ് വനത്തിന്റെ പദവിയാണുള്ളത്. എന്തെങ്കിലും കാരണവശാൽ കൃഷിഭൂമി വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് പരിഹരിക്കാൻ പ്രസ്തുത നിയമത്തിന്റെ 10, 10(എ), 19 എന്നീ വകുപ്പുകളിൽ വ്യവസ്ഥകളുണ്ട്. ബഹു.കോടതികളുടെ പരിഗണനയിലുള്ള കേസുകളിൽ കോടതിയുടെ തീരുമാനത്തിന് അനുസൃതമായിട്ടായിരിക്കും തീരുമാനം കൈക്കൊള്ളുന്നത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| | പേര് | ഇനം | വിട്ടുകൊടുത്ത ഭൂമിയുടെ ഏകദേശ വിസ്തീർണ്ണം |
|---|---|---|---|
| 1 | ശ്രീമതി.ഇന്ദിരയ്ക്കും മറ്റുള്ളവർക്കും | ഇ.എഫ്.എൽ | 17.48 ഹെക്ടർ |
| 2 | ശ്രീ.കെ.എം.പോൾസൺ | ഇ.എഫ്.എൽ | 3.7480 ഹെക്ടർ |
| 3 | ശ്രീ.തോമസ് ഇമ്മട്ടി | ഇ.എഫ്.എൽ | 2.6240 ഹെക്ടർ |
| 4 | ശ്രീ.പി.ചന്ദ്ര ശേഖരൻ | ഇ.എഫ്.എൽ | 2.4605 ഹെക്ടർ |
| 5 | ശ്രീ.ടി.എ.അബ്ദുൾ ഹായ് | ഇ.എഫ്.എൽ | 0.4800 ഹെക്ടർ |
| 6 | ശ്രീ.കെ.വാസുദേവനും ശ്രീമതി.ജലജ വാസുദേവനും | ഇ.എഫ്.എൽ | 3.3711 ഹെക്ടർ |
| 7 | ശ്രീ.പി.വീരാൻകുട്ടി | ഇ.എഫ്.എൽ | 25 ഏക്കർ |
| 8 | ശ്രീമതി.യു.നാണി | ഇ.എഫ്.എൽ | 1.3840 ഹെക്ടർ |
| 9 | ശ്രീ.കുഞ്ഞഹമ്മദ് (POA Holder) ശ്രീമതി.കദീജ, മുഹമ്മദ് പോക്കർ എന്നിവർക്ക് വേണ്ടി | ഇ.എഫ്.എൽ | 2.6627 ഹെക്ടർ |
| 10 | ശ്രീ.ടി.ഉണ്ണിക്കൃഷ്ണൻ നായർ | ഇ.എഫ്.എൽ | 0.5261 ഹെക്ടർ |
| 11 | ശ്രീമതി.വലിയ വീട്ടിൽ സരോജിനിക്കും മറ്റുള്ളവർക്കും | ഇ.എഫ്.എൽ | 2.5 ഏക്കർ |
| 12 | ശ്രീ. നാരായണൻ കുട്ടി നായർ | ഇ.എഫ്.എൽ | 1.163 ഹെക്ടർ |
| 13 | ശ്രീ.ഇ.എം.കൃഷ്ണൻ നമ്പൂതിരിപ്പാട് | ഇ.എഫ്.എൽ | 3.2011 ഹെക്ടർ |
| 14 | ശ്രീ. മുഹമ്മദ് ഉപ്പ | ഇ.എഫ്.എൽ | 5.38 ഹെക്ടർ |
| 15 | ശ്രീ. ജെയിംസ് ജോസഫ് | ഇ.എഫ്.എൽ | 1.011 ഹെക്ടർ |
| 16 | ശ്രീമതി.പാറുക്കുട്ടി അമ്മ | ഇ.എഫ്.എൽ | 2.7519 ഹെക്ടർ |
| 17 | ശ്രീമതി.റോസക്കുട്ടി ആന്റണി | ഇ.എഫ്.എൽ | 2.5300 ഹെക്ടർ |
| 18 | ശ്രീ.സതീദേവി | ഇ.എഫ്.എൽ | 1.6065 ഹെക്ടർ |
| 19 | ജില്ലാ വ്യവസ്യായ കേന്ദ്രം, പാലക്കാട് (റെയിൽ കോച്ച് ഫാക്ടറിക്ക് വേണ്ടി) | ഇ.എഫ്.എൽ | 105.1093 ഹെക്ടർ |
| 20 | ശ്രീ.തോമസ്കുട്ടി ജോബ് | ഇ.എഫ്.എൽ | 14.84 ഹെക്ടർ |
| 21 | ശ്രീ.സി.ഡി.വർഗീസ് & ശ്രീമതി.സീന വർഗീസ് | ഇ.എഫ്.എൽ | 5.00 ഹെക്ടർ |
| 22 | ശ്രീമതി.കെ.ലത | ഇ.എഫ്.എൽ | 16 സെന്റ് |
| 23 | ശ്രീ.മൊയ്തു മുതൽ പേർ | ഇ.എഫ്.എൽ | 8.0450 ഹെക്ടർ |
| 24 | ശ്രീ.മാളിയേക്കൽ സേവ്യർ | ഇ.എഫ്.എൽ | 3.1 ഹെക്ടർ |
| 25 | ശ്രീ.പുത്തൻവീട്ടിൽ പ്രമോദൻ | ഇ.എഫ്.എൽ | 10 സെന്റ് |
| 26 | M/s.ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്, കഞ്ചിക്കോട് | ഇ.എഫ്.എൽ | 123.30 ഹെക്ടർ |
| 27 | റീജിയണൽ കാൻസർ സെന്റർ | ഇ.എഫ്.എൽ | 67 സെന്റ് |

സെക്ഷൻ ഓഫീസർ